കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മരുതോങ്കര ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്
2016-17

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി.പി6/1833/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഇ-മെയിൽ -dokkd.ksad@kerala.gov.in
വെബ് -www.lfa.kerala.gov.in
ഫോൺ - 0495 2371012
തീയതി. 07-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരുതോങ്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മരുതോങ്കര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡിക കളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : 1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി6/1833/2017 തീയതി:07-10-2017

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.08.2016 മുതൽ 10.09.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും ഭാഗികമായി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.09.2017 മുതൽ 18.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ എം ബാലകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജയകുമാർ പാലോളി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനൂപ് കെ വി | ഓഡിറ്റർ |
| | ശ്രീ.ജാസിർ സി എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. കെ.എം. സതി | 01.04.2016 – 31.03.2017 |
| സെക്രട്ടറി | ശ്രീ. ബാലകൃഷ്ണൻ. സി.കെ | 01.04.2016 – 04.04.2016 |
| | ശ്രീ. മനോജ് എടവലത്ത് (അസിസ്റ്റന്റ് സെക്രട്ടറി) | 05.04.2016 – 05.08.2016 |
| | ശ്രീ. കെ. ചന്ദ്രൻ | 06.08.2016 – 31.03.2017 |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. രാജി. പി. പി | 01.04.2016 – 06.02.2017 |
| | ശ്രീമതി. ഷാദിയ പി | 06.02.2017 – 31.03.2017 |
| ഹെഡ് മാസ്റ്റർ | ശ്രീ. വി സി ശശി | 01.04.2016 –31.03.2017 |
| വെറ്ററിനറി സർജൻ | ശ്രീ. ടി. രജിത്ത് | 01.4.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ഇ വി ആനന്ദൻ | 01.4.2016 – 31.03.2017 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. വിനേഷ്. സി.കെ | 01.04.2016 –31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. കെ.എൽ. രമ | 01.04.2016 –31.03.2017 |
| വി.ഇ.ഒ | ശ്രീ. പ്രീത് കുമാർ | 01.04.2016 –31.03.2017 |
| അസി. എഞ്ചിനീയർ | ശ്രീ. ഹരീഷ് കുമാർ (കരാർഅടിസ്ഥാനത്തിൽ) | 01.04.2016 –31.03.2017 |
| അസി. സെക്രട്ടറി | ശ്രീ. മനോജ് എടവലത്ത് | 01.04.2016 –31.08.2016<br>01-09-2016 – 03-01-2017<br>(വേക്കന്റ്) |
| | ശ്രീ. സന്തോഷ് കുമാർ കെ | 04.01.2017 – 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 12 | വസ്തുനികുതി – അപാകതകൾ | 2-2 |
| 13 | തൊഴിൽനികുതി – അപാകതകൾ | 2-3 |
| 14 | വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 2-4 |
| 15 | കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ – രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത | 2-5 |
| | ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-1 |
| 17 | മരാമത്ത് പ്രവൃത്തികൾ – സെലക്ഷൻ നോട്ടീസ് അയച്ചില്ല | 3-2 |
| 18 | എസ്.എൽ.ഐ/ജി.ഐ.എസ്. പ്രീമിയം ഈടാക്കിയതിൽ കുറവ് | 3-3 |
| 19 | വിമുക്തി – ഫണ്ട് ചെലവഴിച്ചതിലെ അപാകതകൾ | 3-4 |
| 20 | ഭാഗികമായ റോഡ് പ്രൊജക്ടുകൾക്ക് അംഗീകാരം നൽകുന്നു | 3-5 |
| 21 | ടൂർഡയറി സമർപ്പിക്കാതെ യാത്രാബത്ത നൽകുന്നു | 3-6 |
| 22 | കറവപശു വളർത്തൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 |
| 23 | പഞ്ചായത്തിന് ഫോട്ടോകോപ്പിയർ വാങ്ങൽ – ക്വാട്ട് ചെയ്ത വിലയെക്കാൾ അധികം നൽകി | 3-8 |
| 24 | വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-9 |
| 25 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങൽ – മരുന്നുകൾ ലഭ്യമായില്ല | 3-10 |
| 26 | ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ – മുഴുവൻ മരുന്നുകളും ലഭിച്ചില്ല | 3-11 |
| 27 | പദ്ധതി നടത്തിപ്പിലെ അപാകത കാരണം ഫണ്ട് വിനിയോഗത്തിൽ കുറവ് | 3-12 |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 23.03.2017 തിയതിയിലെ 35/17 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 11.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് | കെ.എസ്.എ.കെ.കെ.ഡി.പി.6/1833/17 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10422245 |
| വരവ് | 38031980 |
| ആകെ | 48454225 |
| ചെലവ് | 36538065 |
| നീക്കിയിരിപ്പ് | 11916160 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9805414 | 9805414 | 8963808 | 841606 | 91.41 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1283529 | 1283529 | 537500 | 746029 | 41.87 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 315999 | 315999 | 312772 | 3227 | 98.97 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 7430811 | 7430811 | 491737 | 7011074 | 6.61 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2634039 | 2634039 | 1168025 | 1466014 | 44.34 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5498844 | 5498844 | 4273250 | 1225594 | 77.71 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2947485 | 2947485 | 1025526 | 1921959 | 34.79 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1042 | 33926327 | 33927369 | 33918087 | 9282 | 99.97 |
| ബി ഫണ്ട് | 0 | 25453940 | 25453940 | 25453940 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 167 | 49683652 | 82 | 21927334 | 0 | 85 | 49.10 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2087520 | 3430663 | 1343143 | 64.34(+) |
| നികുതിയേതര വരവുകൾ | 434863 | 520783 | 85920 | 19.75(+) |
| മറ്റുവരവുകൾ | 0 | 207200 | 207200 | 100(+) |
| ആകെ | 2522383 | 4158646 | 1636263 | 64.86(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 293400 | 160 |
| കർഷകതൊഴിലാളി പെൻഷൻ | 5665350 | 647 |
| വിധവാപെൻഷൻ | 8379120 | 805 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 9252640 | 1094 |
| വികലാംഗപെൻഷൻ | 1735700 | 188 |
| 50 കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 59730 | 8 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 3 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4474/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.07.2017 | ജൂൺ 2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക കണക്കിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ വാറ്റ്, ഐ. ടി , തൊഴിലാളി ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യ പത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

## 2-2 വസ്തു നികുതി-അപാകതകൾ

മരുതോങ്കര ഗ്രാമപഞ്ചായത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട രേഖകൾ , സഞ്ചയ സോഫ്റ്റ്വേറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(1)സാംഖ്യ-സഞ്ചയ കണക്കുകളിൽ പൊരുത്തക്കേട്

മരുതോങ്കര ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ സോഫ്റ്റ് വെയറുകളിൽ സംയോജിപ്പിച്ചിട്ടുണ്ടെങ്കിലും രണ്ട് സോഫ്റ്റ് വെയറിലും വസ്തു നികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | സാംഖ്യ പ്രകാരം വസ്തു നികുതി ഡിമാന്റ് | സഞ്ചയ പ്രകാരം വസ്തു നികുതി ഡിമാന്റ് | വ്യത്യാസം |
|---|---|---|---|

| | തൻവർഷം | മുൻബാക്കി | തൻവർഷം | മുൻബാക്കി | തൻവർഷം | മുൻബാക്കി |
|---|---|---|---|---|---|---|
| 2016-17 | 2517002/- | 1553565/- | 2518002/- | 2031150/- | 1000/- | 148646/- |

മേൽപറഞ്ഞ പ്രകാരം വ്യത്യാസം വന്നത് വിശദീകരിക്കപ്പെടേണ്ടതുണ്ട് .

(2)ഡിജിറ്റലൈസേഷന് ശേഷം നികുതിയിൽ നഷ്ടം

(1) കെട്ടിടങ്ങളുടെ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്തതിന് ശേഷം 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ലെങ്കിൽ നിലവിലുള്ള വസ്തുനികുതിയും 2000 ചതുരശ്രയടിക്ക് മുകളിലുള്ള മാറ്റം വരുത്താത്ത കെട്ടിടങ്ങൾക്ക് മിനിമം 25 % വർദ്ധനവും ഉണ്ടാകുന്നു. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധന നടത്തിയതിൽ ഇതിന് വ്യത്യാസം വന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമ | പ്ലിന്ത് ഏരിയ | മുൻ നികുതി | സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി | ഉപയോഗ ക്രമം | നഷ്ടം |
|---|---|---|---|---|---|---|
| 7/399A | അഗസ്റ്റി പുതുപ്പള്ളിത്തകിടിയേൽ | 230 m2 | 1288/- | 644/- | വാസഗൃഹം | 644/- |
| 10/163A | സെബാസ്റ്റ്യൻ എന്ന ദേവസ്യ .വട്ടപ്പറമ്പിൽ | 251 m2 | 941/- | 904/- | വാസഗൃഹം | 37/- |
| 6/221A | ഉണ്ണികൃഷ്ണൻ s/o വേണുഗോപാലൻ പൂവുള്ളപറമ്പത്ത് | 232 m2 | 1346/- | 1114/- | വാസഗൃഹം | 232/- |
| 5/364A | നീതു,അതുൽകൃഷ്ണ c/o രജിത പായിക്കാട്ടുമ്മൽ | 252.64 m2 | 1163/- | 1062/- | വാസഗൃഹം | 101/- |

(2)വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ നഷ്ടം

(1) ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിനു 60രൂപ നിരക്കിലുമാണ് ഭരണസമിതി തീരുമാനപ്രകാരം നികുതി നിശ്ചയിച്ചിരിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമം, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവ പ്രകാരം, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ താഴെ പറയുന്ന ക്രമ നം 1 മുതൽ 12 വരെ യുള്ള ഘടകങ്ങളിൽ രണ്ടോ അതിലധികമോ ഘടകങ്ങൾ ഒരേ സമയം ബാധകമാവുകയാണെങ്കിലോ, ക്രമ നം 13,14 എന്നിവയിൽ പാരാമർശിച്ച ഏതെങ്കിലുമൊരു ഘടകം ബാധകമാവുകയാണെങ്കിലോ, പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിനു ബാധകമാവുന്ന രീതിയിൽ വസ്തു നികുതി നിർണയിക്കണമെന്നു നിഷ്കർഷിക്കുന്നുണ്ട്.

| | | |
|---|---|---|
| 1. | കെട്ടിടത്തിന്റെ വിവിധഭാഗങ്ങൾ വിവിധ മേഖലകളിലായാൽ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 7, ഉപ വകുപ്പ് 9) |
| 2. | വഴിസൗകര്യത്തിന്റെ ലഭ്യത | |
| 3. | മേൽക്കൂരയുടെ നിർമിതി | |
| 4. | കെട്ടിടത്തിന്റെ കാലപ്പഴക്കം | |
| 5. | തറയുടെ നിർമിതി | |
| 6. | എയർകണ്ടീഷനിംഗ് സൗകര്യം | |
| താഴെ പറയുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ | | |
| 7. | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ | (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 (ഉപവകുപ്പ് 2, ഉപ വകുപ്പ് 9),2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5),4(1)) |
| | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 8. | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ | |
| 9. | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ | |

| | | |
|---|---|---|
| 10. | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ | |
| 11. | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ | |
| 12. | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം | |
| 13. | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ | 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) |
| 14 | ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ പ്രത്യേകം കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലോ | |

മേൽ പരാമർശിക്കാത്ത കാരണങ്ങളാൽ ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്തിൽ നികുതി നിർണയിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമ | കെട്ടിട നം | പ്ലിന്ത് ഏരിയ | ഈടാക്കിയ നികുതി | ഇടാക്കേണ്ട നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1 | അബ്ദുറഹ്മാൻ ഉത്താർകണ്ടി | 11/326-333 | 201.6 m2 | 7259/- | 14515/- | 7256/- |
| 2 | അമ്മദ് പി പി പണിക്കരച്ചൻവീട്ടൽ | 2/96A-I | 147m2 | 4856/- | 10055/- | 5199/- |
| ആകെ തുക | | | | | | 26581/- |

മേൽ പട്ടികയിൽ കാണിച്ച കെട്ടിടങ്ങളിലെ വ്യത്യസ്ത മുറികൾക്ക് വെവ്വേറെ നികുതി നിശ്ചയിച്ചത് കാരണം കെട്ടിടത്തിന്റെ ഉപയോഗം 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ളവ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് കാരണം നികുതിയിൽ നഷ്ടം സംഭവിച്ചു.

ഒരേ കെട്ടിടത്തിൽ വ്യത്യസ്ത നമ്പർ നൽകുവാനുള്ള സാഹചര്യം ചട്ടം 4 (1) ൽ പ്രസ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ഉപയോഗപ്പെടുത്തുക എന്നതാണ്. ചട്ടം 4 (1) ൽ പ്ര സ്താവിച്ച വ്യത്യസ്ത ഉപയോഗക്രമങ്ങൾ ഇവയാണ്.

| | |
|---|---|
| 1 | പാർപ്പിടാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 2 | വ്യവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 3 | വിദ്യാലയങ്ങൾക്കോ ,ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ |
| 4 | അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവറുകൾ എന്നിവക്കായി ഉപയോഗിക്കുന്നവ |
| 5 | വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നവ |
| 6 | മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നവ |
| 7 | സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും കെട്ടിടം |

എന്നാൽ മേൽപ്പറഞ്ഞ ഇനങ്ങളിൽ കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഉൾപ്പെടുന്നില്ല. ആയതിനാൽ മേൽ അപാകതകൾ പരിഹരിച്ച് കൃത്യമായി നികുതി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - അപാകതകൾ

ഓഡിറ്റ് കാലയളവിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവർഷിക വരുമാന പത്രികകൾ എന്നിവ

പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) ഓഡിറ്റ് കാലയളവിൽ തൊഴിൽനികുതി സ്ഥാപന രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

2)അടുക്കത്ത് പോസ്റ്റ് ഓഫീസ്, എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2016-17 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. വില്ലേജ് ഓഫീസ്, മരുതോങ്കരയിൽ നിന്നും ലഭ്യമാക്കിയ റിട്ടേണിൽ ഷാജി എം, എസ് വി ഒ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ ജീവനക്കാരന്റെ പേര് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4.മരുതോങ്കര കൃഷിഭവനിലെ ശ്രീമതി സുജല സി, കൃഷി അസിസ്റ്റന്റ്, മരുതോങ്കര പി എച്ച് സി യിലെ ശ്രീമതി വിജി എം ജെ.പി.എച്ച്.എൻ, എന്നിവരിൽ നിന്നും ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷ റിട്ടേണിൽ മേൽ ജീവനക്കാരെ ഉൾപ്പെടുത്തി തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5.മരുതോങ്കര കള്ള് ഷാപ്പ് ടി എസ് നമ്പർ :19, മുള്ളൻകുന്ന് കള്ള് ഷാപ്പ് ടി എസ് നമ്പർ :18 , വണ്ണാത്തിച്ചിറ കള്ള് ഷാപ്പ് ടി എസ് നമ്പർ :22 എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-4 വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ ഡി & ഓ ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട് ലൈസൻസ് രജിസ്റ്റർ, അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്നു കാണുന്നു. വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ തൻവർഷം ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഓഡിറ്റിൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

2016-17 വർഷത്തെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകലുമായി ബന്ധപ്പെട്ട അപേക്ഷകൾ/ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ വരെയുള്ള വിവരങ്ങൾ കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പല പേജുകളിലും തീരുമാനമെടുത്തത് സംബന്ധിച്ച രേഖപ്പെടുത്തലുകളൊന്നുമില്ല. അപേക്ഷ സ്വീകരിച്ചുവോ, നിരസിച്ചുവോ, പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ, പെർമിറ്റ് ഫീ, അപേക്ഷാ ഫീ ഈടാക്കിയതിന്റെ രശീതി നമ്പർ, പൂർത്തീകരണം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും എല്ലാ അപേക്ഷകളുടെ കാര്യത്തിലും രേഖപ്പെടുത്തുന്നില്ല. ഇതു കാരണം പെർമിറ്റ് ഫീ ഈടാക്കിയതിന്റെ കൃത്യത, പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത എന്നിവ ഉറപ്പു വരുത്താൻ കഴിയുന്നില്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കകം പൂർത്തിയാക്കാത്ത കേസുകളിൽ ഇവയുടെ എക്സ്റ്റൻഷൻ, റിന്യൂവൽ എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകളും ഇല്ലാത്തതിനാൽ ഇവയുടെ കൃത്യതയും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

തൻവർഷം കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) പച്ചക്കറി വിത്ത് വിതരണം - വിതരണ രേഖകൾ അപൂർണം

പ്രൊജക്ട് നം : 19/16-17

അടങ്കൽ : 61100

ചെലവ് : 61100 (ബിൽ നം. 161/16-17 തീ.16/03/17)

പയർ, കുറ്റിപ്പയർ, കയ്പ, വെണ്ട, പടവലങ്ങ, മത്തൻ, കുമ്പളം, പച്ചമുളക് എന്നീ പച്ചക്കറി വിത്തുകളടങ്ങുന്ന 1222കിറ്റുകൾ ( 43.130കി.ഗ്രാം) കിറ്റൊന്നിന് 50 രൂപ ക്രമത്തിൽ വി.എഫ്.പി.സി.കെ യിൽ നിന്ന് വാങ്ങിയതിന് 61100 രൂപ വികസനഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. വിതരണരജിസ്റ്റർ പരിശോധിച്ചതിൽ 1085 കിറ്റുകൾ വിതരണം ചെയ്തതായി കാണുന്നുണ്ട്. 137 പേർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ അപൂർണമാണ്. ഗുണഭോക്താക്കൾ ഒപ്പുവെക്കാത്തതും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താത്തതുമായ വിതരണരേഖകളാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 137 പേർക്ക് സബ്സിഡി നൽകിയതിന് ചെലവഴിച്ച 6850 രൂപയുടെ (137X50) ചെലവ് തുക തടസ്സപ്പെടുത്തുന്നു.

(2) തെങ്ങ് കയറ്റ യന്ത്രം - വ്യക്തികൾക്ക് ആനുകൂല്യം നൽകി

പ്രൊജക്ട് നം : 25/16-17

അടങ്കൽ : 90000 (45000 വികസനഫണ്ട് + ഗുണഭോക്തൃവിഹിതം)

ചെലവ് : 90000(ബിൽ നം. 166/16-17 തീ.20 /03/17)

3000 രൂപ വീതം വിലയുള്ള 30 തെങ്ങ്കയറ്റ യന്ത്രങ്ങൾ റെയ്ഡ്കോയിൽ നിന്ന് വാങ്ങി 30 പേർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. സ.ഉ (എം.എസ് ) 4/2016 തസ്വഭവ തീ.11/01/2016 അനുബന്ധം 15 ഖണ്ഡിക 3-1(7) പ്രകാരം തെങ്ങ് കയറ്റ യന്ത്രത്തിനുള്ള സബ്സിഡി വ്യക്തികൾക്ക് നൽകാൻ അനുവാദമില്ല. കർഷകർ മാത്രം അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖരസമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേനകൾ, രജിസ്റ്റർ ചെയ്ത കർഷകഗ്രൂപ്പുകൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകാവുന്നത്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. 90000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

(3) നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തിയില്ല

പ്രൊജക്ട് നം : 27/16-17

അടങ്കൽ : 25025

ചെലവ് : 24000 (ബിൽ നം. 177/16-17 തീ.30/03/17)

ആകെ 8 ഹെക്ടറിൽ നെൽകൃഷി ചെയ്തതിന് 45 ഗുണഭോക്താക്കൾക്ക് 24000 രൂപ വികസനഫണ്ടിൽനിന്ന് നൽകിയിട്ടുണ്ട്. സ.ഉ (എം.എസ് ) 4/2016 തസ്വഭവ തീ.11/01/2016 അനുബന്ധം 15 ഖണ്ഡിക 3-1(5) പ്രകാരം ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രൊജക്ടിലേക്ക് 50 ശതമാനം വിഹിതം ജില്ലാപഞ്ചായത്ത് നൽകേണ്ടിയിരുന്നു. എന്നാൽ ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ജില്ലാപഞ്ചായത്തിൽ നിന്ന് തുക ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്. ജില്ലാപഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് ഹെക്ടറിന് 6000 രൂപ നൽകേണ്ടതിനുപകരം 3000 രൂപ വീതമാണ് നൽകിയത്.

## 3-2 മരാമത്ത് പ്രവ്യത്തികൾ - സെലക്ഷൻ നോട്ടീസ് അയച്ചില്ല

തൻവർഷം നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സെലക്ഷൻ നോട്ടീസ് അയക്കാതെ കരാറിലേർപ്പെട്ട് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കേസുകൾ കാണുന്നു.ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| പ്രവൃത്തിയുടെ പേര് | പ്രൊജക്ട് നം. | കരാറുകാരൻ, ടെണ്ടർ തിയ്യതി, എഗ്രിമെന്റ് വെച്ച തിയ്യതി | ചെലവഴിച്ച തുക |
|---|---|---|---|
| പീടികപ്പാറ എസ്.ടി.കോളനി റോഡ് റീടാറിംഗ് | 138/16-17 | ഇ.കെ.സുമിത്രൻ, 17/09/15, 14/01/16 | 77272 (ബിൽ നം. 29/16-17 തീ.28/03/17 |
| ചെക്കുറ ശാന്തിഗിരി റോഡ് ടാറിംഗ് | 141/16-17 | ഇ.കെ.സുമിത്രൻ, 17/09/15, 14/01/16 | 297737 (ബിൽ നം. 28/16-17 തീ.28/03/17 |

2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസമോ ഫേം പീരീയഡിനകമോ (ഏതാണ് ആദ്യമെങ്കിൽ അത് ) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതുണ്ട്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് കരാർ വെച്ചില്ലെങ്കിൽ 10ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കി കരാർ വെക്കാം. 14 ദിവസവും, പിഴയോടുകൂടിയ 10 ദിവസവും കഴിഞ്ഞും കരാർ വെക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMD കണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റ് നടപടികളും സ്വീകരിക്കണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനുമായി നെഗോഷിയേറ്റ് ചെയ്യുകയോ റീ-ടെണ്ടർ ചെയ്യുകയോ ചെയ്യേണ്ടതാണ്.

മേൽ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് 3 മാസം കഴിഞ്ഞാണ് കരാറിലേർപ്പെട്ടത്. സെലക്ഷൻ നോട്ടീസയച്ചതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാൽ നിശ്ചിത സമയത്തിനകം കരാർ വെച്ചോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-3 എസ്.എൽ.ഐ /ജി.ഐ.എസ്. പ്രീമിയം ഈടാക്കിയതിൽ കുറവ്

ജി.ഒ.(പി) 149/16 ഫിൻ തീ.04/10/2016 പ്രകാരം 01/01/2017 മുതൽ പ്രാബല്യത്തിൽ സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പ്രീമിയവും ജി.ഒ.(പി) 112/16 ഫിൻ തീ.01/08/2016 പ്രകാരം 01/09/2016 മുതൽ പ്രാബല്യത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് പ്രീമിയവും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ശ്രീ.സന്തോഷ്കുമാർ കെ, അസിസ്റ്റന്റ് സെക്രട്ടറിയുടെ ശമ്പള ബിൽ പരിശോധിച്ചതിൽ പ്രീമിയം ഈടാക്കിയതിൽ കുറവ് കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

അടിസ്ഥാന ശമ്പളം - 37500 (ഉദാഹരണമായി 02/2017 ലെ ശമ്പളബിൽ : വൗച്ചർ നം.21600688/01-03-17 ₹ 273778)

| | കുറവു ചെയ്യേണ്ട തുക | കുറവ് ചെയ്തത് | വ്യത്യാസം |
|---|---|---|---|
| സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പ്രീമിയം | 500 | 225 | 275 |
| ഗ്രൂപ്പ് ഇൻഷുറൻസ് പ്രീമിയം | 500 | 400 | 100 |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-4 വിമുക്തി - ഫണ്ട് ചെലവഴിച്ചതിലെ അപാകതകൾ

കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ 25/02/2017 ലെ ഡി2-5980 /2016 ഉത്തരവ് പ്രകാരം കേരളസംസ്ഥാന ലഹരിവർജ്ജനമിഷൻ വിമുക്തിയുടെ പ്രവർത്തനങ്ങൾക്ക് മരുതോങ്കര ഗ്രാമപഞ്ചായത്തിന് 25000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽനിന്ന് ആകെ എത്ര രൂപ ചെലവഴിച്ചുവെന്നതു സംബന്ധിച്ച കണക്കുകൾ എഴുതി സൂക്ഷിച്ചിട്ടില്ല. 28/03/2017 ന് വിമുക്തിയുടെ ജില്ലാതല ഉദ്ഘാടനം കോഴിക്കോട് മുതലക്കുളം മൈതാനിയിൽ ഗതാഗതമന്ത്രിയായിരുന്ന ശ്രീ എ.കെ.ശശീന്ദ്രൻ നിർവ്വഹിച്ചതായും ഉദ്ഘാടനപരിപാടിയിൽ മരുതോങ്കര പഞ്ചായത്തിൽ നിന്ന് KL58 H 8598 നമ്പർ ബസ്സിൽ ആളുകളെ കൊണ്ടുപോയ വകയിൽ 10000 രൂപ ചെലവഴിച്ചതായും കാണുന്നു. എത്ര പേർ പരിപാടിയിൽ പങ്കെടുക്കാൻ പോയി എന്നതു സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. മേൽ ഉത്തരവ് പ്രകാരം സ്ഥാപനതലത്തിലാണ് ലഹരി വർജ്ജന പ്രവർത്തനം നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിന്റെ അധികാരപരിധിയിൽ വിമുക്തി സംബന്ധിച്ച ഉദ്ഘാടനത്തിനും വാർഡ് തല കമ്മിറ്റി രൂപീകരണത്തിനും പ്രചരണ പ്രവർത്തനങ്ങൾക്കുമാണ് തുക വിനിയോഗിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-5 ഭാഗികമായ റോഡ് പ്രൊജക്ടുകൾക്ക് അംഗീകാരം നൽകുന്നു

തൻവർഷം നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ സ്പിൽഓവർ ഉൾപ്പെടെ 88 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 22 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. നടപ്പാക്കിയതിൽ ഭാഗികമായ റോഡ് പ്രവൃത്തികളും കാണുന്നു.

ജി.ഒ.(എം.എസ്) 4/2016ത.സ്വ.ഭ.വ. തീ.11/1/2016പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ പൊതു സമീപനമനുസരിച്ച് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്രപദ്ധതികളാണ് തയ്യാറാക്കേണ്ടത്. വാർഡ്

അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല. എന്നാൽ പഞ്ചായത്ത് ഭാഗികമായ പ്രൊജക്ടുകൾ നടപ്പാക്കിയതായും വാർഡ് അടിസ്ഥാനത്തിൽ ചെറിയ ചെയിനേജുകളിലുള്ള റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം ,പ്രവൃത്തിയുടെ പേര് | കരാറുകാരൻ | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 128/16-17(എസ്.ഒ)<br>കോങ്ങോട്ട് പുള്ളോലികുന്ന് റോഡ് കോൺക്രീറ്റ് | സുരേഷ് കുരാറ | 132144 | 35.4 മീറ്റർ മാത്രം നീളമുള്ള റോഡ് |
| 2 | 156/16-17(എസ്.ഒ)<br>കള്ളാട്ട് എൽ.പി.സ്കൂൾ റോഡ് | സുമിത്രൻ ഇ.കെ. | 93070 | 37 മീറ്റർ ടാറിംഗ് |

റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ, പ്രൊജക്ടുകളുടെ എണ്ണം കുറച്ച് എല്ലായിനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-6 ടൂർഡയറി സമർപ്പിക്കാതെ യാത്രാബത്ത നൽകുന്നു

ഓഡിറ്റ് വർഷം ജീവനക്കാർക്ക് യാത്രാബത്ത നൽകിയ ഫയൽ പരിശോധിച്ചതിൽ, ജീവനക്കാർ ടൂർഡയറി സമർപ്പിച്ചതായി കാണുന്നില്ല.ഒരു ഉദാഹരണം താഴെ കാണിച്ചിരിക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21600777/28-03-17 | ₹22500 | 01/15മുതൽ 12/15 വരെയുള്ള ജീവനക്കാരുടെ യാത്രാബത്ത |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53 (ബി)(6)പ്രകാരം ഒരു ഉദ്യോഗസ്ഥന് യാത്ര നടത്തിയതിന് തൊട്ടടുത്ത മാസം മുതൽ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കും. ആർട്ടിക്കിൾ 53(ഇ) പ്രകാരം യാത്രാബത്തയ്ക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം യാത്രാബത്ത ക്ലെയിം സമർപ്പിക്കേണ്ടതാണ്. യാത്രാഡയറി സമർപ്പിക്കാതെ യാത്രാബത്ത നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-7 കറവപശുവളർത്തൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം – 31/17

അടങ്കൽ - 600000.

300000 (വികസനഫണ്ട്) 300000 (ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്നത്)

ചെലവ് – 285000 (ബിൽ നം-4/313-17).

നിർവ്വഹണം - വെറ്റിനറി സർജൻ.

പഞ്ചായത്തിലെ പശുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി പരമ്പരാഗത മായി പശുവളർത്തുന്നവർക്ക് മുൻഗണന നൽകിക്കൊണ്ട്, ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ചെറുകിട നാമമാത്രകർഷകർക്ക് പശുവിനെ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതിനായാണ് പ്രോജക്ട് നടപ്പാക്കിയത്. നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി പശുക്കളെ വാങ്ങിയ 19 ഗുണഭോക്താക്കൾക്ക് 15000/-രൂപ വീതം സബ്സിഡിയായി പശുവിനെ വിറ്റവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പശുക്കളെ വാങ്ങുന്നതിനായി പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ച് കമ്മിറ്റി മുഖാന്തിരമാണ് വാങ്ങൽ നടത്തിയിരിക്കുന്നതെന്ന് രസീതിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പർച്ചേസിംഗ് കമ്മിറ്റി ചെയർമാൻ ആയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ മൃഗങ്ങളുടെ പ്രായം ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. മേൽ സാക്ഷ്യപത്രങ്ങൾ ഇല്ലാതെ സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്, ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പഞ്ചായത്തിന് ഫോട്ടോകോപ്പിയർ വാങ്ങൽ– ക്വാട്ട് ചെയ്ത വിലയെക്കാൾ അധികം

<u>നൽകി.</u>

പ്രോജക്ട് നം – 177/17

അടങ്കൽ – 100000/- (തനത് ഫണ്ട്).

ചെലവ് – 92900/- (ട്രഷറി ചെക്ക് നം-485158/30-3-2017).

നിർവ്വഹണം – സെക്രട്ടറി.

പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലിന്റെ ഭാഗമായി പുതിയ ഫോട്ടോകോപ്പിയർ വാങ്ങുന്നതിനായാണ് പ്രോജക്ട് നടപ്പാക്കിയത്. ഇതിനായി ടെൻണ്ടർ ക്ഷണിച്ചതിൽ ടെൻണ്ടർ ലഭിച്ച എക്സൽ ബിസിനസ്സ് സിസ്റ്റംസ് സമർപ്പിച്ച ടെൻണ്ടർ പ്രകാരം SHARP AR-6020N DIGITAL MFD ഫോട്ടോകോപ്പിയറിന് ക്വാട്ട് ചെയ്തത് 98900 രൂപയും പഴയ SHARP ഫോട്ടോകോപ്പിയറിന്റെ ബൈബാക്ക് വിലയായി ക്വാട്ട് ചെയ്തത് 7000 രൂപയുമാണ്. എന്നാൽ 9-3-2017 ലെ ഇൻവോയ്സ് നം-EBS/926 പ്രകാരം എക്സൽ ബിസിനസ് സിസ്റ്റത്തിന് ഫോട്ടോകോപ്പിയർ വിലയായി 92900 രൂപ നൽകിയിട്ടുണ്ട് . ഇതുവഴി എക്സൽ ബിസിനസ് സിസ്റ്റത്തിന് ഫോട്ടോകോപ്പിയറിനായി ക്വാട്ട് ചെയ്ത തുകയെക്കാൾ 1000 രൂപ അധികം നൽകിയിട്ടുണ്ട് . ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 3-9 <u>വിനിയോഗ വിവരം ലഭ്യമാക്കിയില്ല .</u>

തൻ വർഷം നിർവ്വഹണ ഉദ്യോഗസ്ഥരായ ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗ സ്ഥന്റെ പേര് | പ്രോജക്ട് നം/ പേര് | അടങ്കൽ | ചെലവ് തുക, ബിൽ നം | നൽകിയത് |
|---|---|---|---|---|
| ഹെഡ്മാസ്റ്റർ | പ്രോജക്ട് നം-40/16-17<br>എസ്.എസ്.എ<br>വിഹിതം നൽകൽ | 400000 | 400000<br>ബിൽ നം-1/24-3-17 | എസ്.എസ്. എ പ്രോജക്ട് ഓഫീസർ |
| അസിസ്റ്റന്റ് സെക്രട്ടറി | പ്രോജക്ട് നം-100/16-17<br>ഐ.എ.വൈ വിഹിതം നൽകൽ | 200000 | 200000<br>ബിൽ നം-6/15-3-17 | കുന്നുമ്മൽ ബ്ളോക്ക് പഞ്ചായത്ത് |

ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്, ചെലവ് തുക 6,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 <u>ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങൽ– മരുന്നുകൾ ലഭ്യമായില്ല</u>

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ആയുർവ്വേദം

പ്രോജക്ട് നം : 54/17

ചെലവ് – 125000/-(ബിൽ നം-2/13-3-2017).

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിന് 125000/- രൂപയാണ് അടങ്കൽ തുക. ബിൽ നം 2/16-17 പ്രകാരം 125000 രൂപ തൊട്ടിൽപ്പാലം സബ് ട്രഷറിയിൽ നിന്നും പിൻവലിച്ചു. പ്രസ്തുത തുകയിൽ 10000/- രൂപ 1/03/2017 ന് കിംഗ്സ് മെഡിക്കൽസ് കല്ലാച്ചി, 15000/- രൂപ 28/02/2017 ന് കല്ലാച്ചി ഹോമിയോ ഫാർമസിക്കും കൈമാറി മേൽ തുകയ്ക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. അടങ്കൽ തുകയുടെ ബാക്കി 100000/- രൂപ മരുന്നു ലഭിക്കുന്നതിനായി ഹോംകോ- ആലപ്പുഴയ്ക്ക് കൈമാറിയിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈയിലബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ നാളിതുവരെ മേൽതുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൾ– മുഴുവൻ മരുന്നുകളും ലഭിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ആയുർവ്വേദം

പ്രോജക്ട് നം : 49

പ്രോജക്ടിന്റെ പേര് : ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

അടങ്കൽ തുക : 250000

10/03/2017 തിയ്യതി തൊട്ടിൽപ്പാലം സബ് ട്രഷറിയിൽ നിന്നും 250000 രൂപ ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങലിനായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. (ഡി ഡി നമ്പർ-616 തിയ്യതി 13/03/2017). എഗ്രിമെന്റ് പ്രകാരം തുക കൈമാറി 60 ദിവസങ്ങൾക്കുള്ളിൽ ആവശ്യപ്പെട്ട മരുന്ന് പൂർണ്ണമായും വിതരണം ചെയ്യേണ്ടതാണ്. 226217/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 23783/- രൂപയുടെ മരുന്നുകൾ ഓഡിറ്റ് തീയ്യതി വരെ ലഭ്യമായിട്ടില്ല. അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 23,783/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-12 പദ്ധതി നടപ്പിലെ അപാകത കാരണം- ഫണ്ട് വിനിയോഗത്തിൽ കുറവ് .

2016-17 വർഷം സംസ്ഥാന സർക്കാരിൽ നിന്നും വിവിധ പദ്ധതിപ്രവർത്തനങ്ങൾക്കായി പഞ്ചായത്തിന് അനുവദിച്ച തുകയും അതിന്റെ വിനിയോഗം സംബന്ധിച്ച കണക്കുകളും താഴെ ചേർക്കുന്നു.

(എ.സി.ആർ പ്രകാരം).

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട് മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7896000 | 9805414 | 9805414 | 8963808 | 91.41 | 841606 |
| വികസനഫണ്ട് എസ്.സി.പി. | 1284000 | 1283529 | 1283529 | 537500 | 41.87 | 746029 |
| വികസനഫണ്ട് ടി.എസ്.പി. | 316000 | 315999 | 315999 | 312772 | 98.97 | 3227 |
| സംരക്ഷണഗ്രാന്റ്. | 10065000 | 10064850 | 10064850 | 1659762 | 16.49 | 8405088 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4861000 | 5498844 | 5498844 | 4273250 | 77.71 | 1225594 |
| പെർഫോമൻസ് ഗ്രാന്റ് | | 2947485 | 2947485 | 1025526 | 34.79 | 1165087 |
| ആകെ | | | | | | 12386631 |

വിവിധ ഫണ്ടുകൾ വഴി അനുവദിച്ച തുകയിൽ ആകെ 1,23,86,631/- രൂപ തൻ വർഷം വിനിയോഗിക്കാൻ

കഴിയാഞ്ഞതിനാൽ കൺസോളിഡേറ്റ് ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ തുക തൻവർഷം ചെലവഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടകയാണുണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതിചെലവുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 7 | 63803225 | 1271300 | 19.92 |
| 2 | വെറ്റിനറി സർജൻ | 4 | 3 | 844500 | 475000 | 56.24 |
| 3 | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി | 6 | 6 | 491600 | 470076 | 95.62 |
| 4 | മെഡിക്കൽ ഓഫീസർ<br>ആയുർവേദം | 3 | 3 | 400000 | 397516 | 99.37 |
| 5 | ഐ.സി.ഡി.എസ് | 11 | 8 | 4380741 | 3298042 | 75.28 |
| 7 | വി.ഇ.ഒ | 10 | 8 | 8955500 | 7449900 | 83.18 |
| 8 | സെക്രട്ടറി | 16 | 10 | 3875073 | 3282103 | 84.69 |
| 9 | അസി.സെക്രട്ടറി | 11 | 9 | 2071300 | 809500 | 39.08 |
| 10 | അസി.എൻജിനീയർ | 88 | 22 | 21062713 | 3522243 | 16.72 |
| 11 | ഹെഡ്മാസ്റ്റർ | 9 | 4 | 921900 | 557154 | 60.43 |

അംഗീകാരം ലഭിച്ച പദ്ധതികൾക്കായി വകയിരുത്തിയ തുകകൾ ചെലവഴിക്കുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 16.72 % മാനത്തിൽ താഴെ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം ലഭിച്ച 21062713 രൂപ അടങ്കലിലുള്ള പ്രവൃത്തികളിൽ 3522243 രൂപ മാത്രമാണ് തൻവർഷം തുക ചെലവഴിച്ചത്. അംഗീകാരം കിട്ടിയ 88 പ്രോജക്ടുകളിൽ 22 എണ്ണത്തിൽ മാത്രമേ തൻവർഷം ചെലവുള്ളൂ. കൃഷി ഓഫീസർക്ക് തൻവർഷം അംഗീകാരം നേടിയ പദ്ധതികളിൽ പ്രോജക്ട് നം 26/17 ആയി 5100000 രൂപ അടങ്കലിൽ (100000 വികസനഫണ്ട്, 5000000 ബ്ളോക്ക് വിഹിതം) തരിശു ഭൂമിയിൽ ഇടവിള കൃഷിവികസനം പഞ്ചായത്ത് വിഹിതം നൽകൽ പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം ചെയ്യുന്ന പ്രോജക്ടിൽ ബ്ളോക്ക് വിഹിതമായ 5000000 രൂപ പഞ്ചായത്ത് അടങ്കലിൽ ഉൾപ്പെടുത്തിയതിനാൽ ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പദ്ധതി ചെലവ് ശതമാനത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്നില്ല. പദ്ധതിനിർവ്വഹണത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ പിന്നോക്കം പോയതാണ് പ്രധാനമായും അനുവദിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനിടയാക്കിയത്. മുൻവർഷവും പദ്ധതിക്കായി വകയിരുത്തിയ തുക ചെലവഴിക്കാത്തതുമൂലം പഞ്ചായത്തിന് ഫണ്ട് നഷ്ടപ്പെടുന്നതിനിടയാക്കിയിട്ടുണ്ട്.

2015-16 വർഷം വിവിധ ഫണ്ടുകളിൽ നിന്നും ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട് മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7957000 | 218183 | 13214636 | 13432819 | 7920562 | 58.96 | 5512237 |
| വികസനഫണ്ട് എസ്.സി.പി. | 1146000 | 121000 | 1146000 | 1267000 | 779138 | 61.49 | 487862 |
| വികസനഫണ്ട് ടി.എസ്.പി. | 282000 | 87429 | 194571 | 282000 | 28200 | 100 | |
| സംരക്ഷണഗ്രാന്റ് | 9680000 | 1582547 | 9139999 | 10722546 | 8123473 | 75.76 | 2599074 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4047000 | 1016711 | 3507069 | 4523780 | 3940957 | 87.11 | 582823 |
| പെർഫോമൻസ് ഗ്രാന്റ് | | 2514325 | - | 2514325 | 2446562 | 97.30 | 67763 |
| ആകെ | | | | | | | 9249759 |

2015-16 വർഷം വിവിധ ഫണ്ട് ഇനങ്ങളിലായി ലഭിച്ച തുകയിൽ 9249759 രൂപയാണ് യഥാസമയം ചെലവഴിക്കാൻ കഴിയാഞ്ഞതിനാൽ കൺസോളിഡേറ്റ് ഫണ്ടിലേക്ക് തിരികെ പോയത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ 2015-16 വർഷത്തെ ഫണ്ട് വിനിയോഗം താഴെചേർക്കുന്നു.

| | നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 9 | 9 | 1853750 | 1556675 | 83.97 |
| 2 | വെറ്റിനറി സർജൻ | 4 | 4 | 2267500 | 869500 | 38.34 |
| 3 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 3 | 3 | 380000 | 173710 | 45.71 |
| 4 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 200000 | 200000 | 100 |
| 5 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 125000 | 125000 | 100 |
| 6 | ഐ.സി.ഡി.എസ് | 8 | 7 | 2514700 | 2322086 | 92.34 |
| 7 | വി.ഇ.ഒ | 8 | 6 | 10094750 | 1677000 | 16.61 |
| 8 | സെക്രട്ടറി | 9 | 8 | 1718490 | 1600403 | 93.12 |
| 9 | അസി.എഞ്ചിനീയർ | 103 | 66 | 23086347 | 16131104 | 69.87 |
| 10 | ഹെഡ്മാസ്റ്റർ | 7 | 6 | 1039640 | 997638 | 95.95 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 1340200 | 407900 | 30.43 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | പാലിന് പ്രോത്സാഹനം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 400000 | മുപ്പറ്റക്കുഴി അംഗൻവാടി നിർമ്മാണം | 0 | 400000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (തൻവർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവനപദ്ധതി ലോൺതിരിച്ചടവ് | സ ഉ 533/2010 /തസ്വഭവ തി.18.02. 2010 | ഇല്ല | 3026400 | 2432850 | – | 593550 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 184331 |
| തൻവർഷം നിക്ഷേപിച്ച തുക | 16129 |
| ആകെ | 200460 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 200460 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കെ ഡി സി ബാങ്ക്, കുറ്റ്യാടി | 2,00,460 |
| ആകെ | 200460 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 98,160/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-1 | 32720/- | ചന്ദ്രൻ . കെ<br>സെക്രട്ടറി (റിട്ട) | 11602100892/23.07.16 |
| 2014-15 | 3-1 | 32720/- | അനിത ഐസക്, അസി. എഞ്ചിനീയർ | 11602100893/23.07.16 |
| 2014-15 | 3-1 | 32720/- | പി.എം. ഗോപിനാഥൻ,<br>അസി.എക്സി.എഞ്ചിനീയർ | 11602100894/23.07.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1997-98 | 36 | 2003-04 | 11.7 പൊതു പരാമർശങ്ങൾ | മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയില്ല |
| 1998-99 ചെലവ് | 19 | 2003-04 | 11.1 പൊതു പരാമർശങ്ങൾ | എഗ്ഗർ നഴ്സറി യൂണിറ്റ് പൂർത്തിയാക്കിയില്ല |
| | 30 | | | വനിതാ സോപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല |
| | 32 | | | ബുക്ക് ബൈൻഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല |
| | 35 | | | നാളീകേര കോംപ്ലക്സ് പ്രവർത്തനമാരംഭിച്ചില്ല |
| 1999-00 | 28 | | 11.7 | കയറുൽപ്പന്ന നിർമ്മാണ പരിശീലനം |
| | 32 | | | വീട് ഓട്ട മേയൽ ചെലവ് വിവരം ലഭ്യമല്ല |
| 2000-01 ഡി.സി.ബി | 1.6 | 2005-06 | 11.7 പൊതു പരാമർശങ്ങൾ | രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് |
| | 2.1 | | | ക്യാഷ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 48454225 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 36538065 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 11,05,633/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 1000/- | ചന്ദ്രൻ. പി, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(1) | 6,850/- | ഷാദിയ പി, കൃഷി ഓഫീസർ |
| 3-1(2) | 90,000/- | |
| 3-7 | 2,85,000/- | ശ്രീ. രജിത്ത്, വെറ്ററിനറി സർജ്ജൻ |
| 3-9 | 4,00,000/- | വി സി . ശശി, ഹെഡ്മാസ്റ്റർ |
| 3-9 | 2,00,000/- | മനോജ് എടവലത്ത്, അസി. സെക്രട്ടറി |
| 3-10 | 1,00,000/- | ഡോ.വിനേഷ്.സി.കെ.,<br>മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-11 | 23,783/- | ഡോ.വിനേഷ്.സി.കെ.,<br>മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 11,05,633/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ചന്ദ്രൻ. പി<br>സെക്രട്ടറി | സെക്രട്ടറി<br>മരുതോങ്കര ഗ്രാമപഞ്ചായത്ത് | പാറക്കൽ (വീട്)<br>മരുതോങ്കര(പി ഒ)<br>കോഴിക്കോട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(1) dt. 13.02.2011 | 4 |
| 1997-98 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/720/03dt. 14.11.2003 | 1 |
| 1998-99 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(2) dt. 13.02.2011 | 8 |
| 1998-99 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/721/03 dt. 01.09.05 | 7 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി6/1920/11(11) dt. 4.07.2012 | 7 |
| 2000-01 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/1920/11(12) dt. 4.07.2012 | 4 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1181/03 dt. 01.09.2005 | 8 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1182/03 dt. 19.08.2005 | 7 |
| 2001-02 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 dt. 31.03.2009 | 3 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 dt. 31.03.2009 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി6/1156(1)/09 dt. 20.05.2010 | 12 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി. പി6/1156(2)/09 dt. 20.05.2010 | 11 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി6/1156(2)/09 dt. 20.05.2010 | 10 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി6/75/11 dt. 08.06.2011 | 22 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി6/1136/12 dt. 28.04.2012 | 18 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി6/1531(1)/12 dt. 01.11.2012 | 17 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി. പി6/1531(2)/12 dt. 01.11.2012 | 23 |
| 2010-11, 11-12 | എൽ.എഫ്.കെ.കെ.ഡി. പി6/273/13 dt. 25.11.2013 | 26 |

| | | |
|---|---|---|
| 2012-13, 13-14 | എൽ.എഫ്.കെ.കെ.ഡി. പി6/16/15 dt. 18.02.2015 | - |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി6/1127/2016 dt. 24.06.2016 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി6/2195/2016 തി.10.01.2017 | 20 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം - 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ/കെ.കെ.ഡി/പി.6/1833/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി –07-10-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മരുതോങ്കരഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P6/1833/20

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated –07-10-2017

# Audit Certificate

Certified thaht I have audited the Annual Financial Statement of Maruthonkara Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Maruthonkara Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office, Kozhikode.